ഉത്തരം

(എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നൽകുന്ന വിവിധ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ 15 ശതമാനമായും സ്വർണ്ണപ്പണയ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 12 ശതമാനമായും നിജപ്പെടുത്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ക്യാഷ് ക്രഡിറ്റ്/ഓവർഡ്രാഫ്റ്റ്, മോർട്ട്ഗേജ്/ഭൂസ്വത്ത് വാങ്ങാനുള്ള സാധാരണ വായ്പ, ബിസിനസ്സ് വായ്പ, വ്യവസായ വായ്പ, സ്വർണ്ണപ്പണയ വായ്പ എന്നിവയ്ക്ക് പലിശ നിരക്ക് കുറച്ചിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്കാണ് ഈ നിരക്കുകൾ ബാധകമാക്കിയിട്ടുള്ളത്.

(ഡി) 30-5-2014 മുതൽ പ്രാബല്യമുണ്ട്.

സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന് നടപടി

82 (4073) ശ്രീ. എം.. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ ഗ്രേഡിലുള്ള സംഘങ്ങളിലേയ്ക്ക് സഹകരണ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതു പരിഗണിക്കുമോ ;

(ബി) ഇതിനായി സംസ്ഥാനതലത്തിൽ ഒരു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമോ?

ഉത്തരം

(എ&ബി) സഹകരണ സംഘങ്ങൾ വ്യത്യസ്ത ഭരണ സമിതികളുള്ള സ്വതന്ത്ര സ്ഥാപനങ്ങളാണ്. നിയമന അധികാരിക്കാണ് ജീവനക്കാരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം. ആയതിനാൽ സംസ്ഥാനതലത്തിൽ ഒരു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാനോ ഒരേ ഗ്രേഡിലുള്ള സംഘങ്ങളിലേയ്ക്ക് സഹകരണ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനോ നിലവിലുള്ള നിയമപ്രകാരം കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly